## പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നം.*256 18/06/2019 ൽ മറുപടിക്ക്

# കേരള ഭൂരേഖ നവീകരണ മിഷൻ

**ചോദ്യം**

**ശ്രീ.ജെയിംസ് മാത്യു**
**,, സി. കെ. ശശീന്ദ്രൻ**
**,, യു. ആർ. പ്രദീപ്**
**,, കെ.കുഞ്ഞിരാമൻ**

**മറുപടി**

ശ്രീ.ഇ.ചന്ദ്രശേഖരൻ
(റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ പകുതിയോളം വില്ലേജുകളിൽ റീസർവ്വേ ഇനിയും നടത്തിയിട്ടില്ലെന്നതിനാൽ അതിനായി സത്വരനടപടികൾ സ്വീകരിക്കുമോ; | (എ) | സംസ്ഥാനത്ത് റീസർവ്വേ പൂർത്തീയാക്കുന്നതിനുള്ള സത്വരനടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | സംസ്ഥാനത്തെ മുഴുവൻ ഭൂവിവരങ്ങൾ ഡിജിറ്റൽ സർവ്വേ നടത്തി റവന്യൂ, സർവ്വേ, രജിസ്ട്രേഷൻ വകുപ്പുകൾ കൈകാര്യം ചെയ്യുന്ന രേഖകൾ ഏകോപിപ്പിച്ച് വെബ്‌അധിഷ്ഠിത സേവനം ലഭ്യമാക്കാനുള്ള പദ്ധതി ആരംഭിച്ചിട്ടുണ്ടോ; | (ബി) | സംസ്ഥാനത്ത് ഇത്തരത്തിലുള്ള പദ്ധതി ആരംഭിച്ചിട്ടില്ലാത്തതാണ്. എന്നാൽ ആയതിനായി റവന്യൂ, സർവ്വേ, രജിസ്ട്രേഷൻ എന്നീ വകുപ്പുകളിലെ രേഖകൾ സംയോജിപ്പിച്ച് വെബ് അധിഷ്ഠിത സേവനം പ്രദാനം ചെയ്യുന്നതിന് സംസ്ഥാനത്തിന്റെ ഡിജിറ്റൽ സർവ്വെ റിക്കാർഡുകൾ തയ്യാറാക്കേണ്ടതുണ്ട്. ഇതിനാവശ്യമായ പദ്ധതികൾ സർവ്വെയും ഭൂരേഖയും വകുപ്പ് ആവിഷ്കരിച്ചുവരുന്നു. |
| (സി) | ഭൂമിസംബന്ധമായ ഇടപാടുകളെല്ലാം ഓൺലൈനായി നടപ്പിൽ വരുത്താനായി രൂപീകരിച്ച കേരള ഭൂരേഖ നവീകരണ മിഷൻ പ്രാവർത്തികമായിട്ടുണ്ടോ? | (സി) | കേരള ലാന്റ് ഇൻഫർമേഷൻ മിഷൻ, കേരള സ്റ്റേറ്റ് ലാന്റ് ബാങ്ക് എന്നിവ സംയോജിപ്പിച്ചുകൊണ്ട് കേരള ലാന്റ് റെക്കോർഡ്സ് മോഡണൈസേഷൻ മിഷൻ (KLRMM) രൂപീകരിച്ചിട്ടുണ്ട്. തുടർ പ്രവർത്തനങ്ങൾക്കായി പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടൻസിയെ തിരഞ്ഞെടുക്കുന്നതിനുള്ള നടപടിക്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | ഡിജിറ്റൽ ഇന്ത്യ ലാൻഡ് റെക്കോർഡ്സ് മോഡേണൈസേഷൻ പ്രോഗ്രാമിന്റെ സംസ്ഥാനത്തെ പുരോഗതി അറിയിക്കാമോ? | (ഡി) | ഡിജിറ്റൽ ഇന്ത്യ ലാൻഡ് റെക്കോർഡ്സ് മോഡേണൈസേഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി കേരള ലാന്റ് ഇൻഫർമേഷൻ മിഷൻ മുഖേന പാലക്കാട് ജില്ല ഒഴികെ 13 ജില്ലകളിൽ ഡിജിറ്റൈസേഷൻ സെന്ററുകളും തിരുവനന്തപുരം ജില്ലയിൽ സെൻട്രൽ ഡിജിറ്റൈസേഷൻ സെന്ററും, സർവ്വെ റിക്കാർഡുകളുടെ സംരക്ഷണത്തിനായി 14 ജില്ലകളിലും, സർവ്വെ ഭവനിലും മോഡേൺ റിക്കാർഡ് റൂം എന്നിവ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. ടി ഡിജിറ്റൈസേഷൻ സെന്ററുകൾ മുഖേന സ്കാൻ ചെയ്ത് ഡിജിറ്റൈസ് ചെയ്തിട്ടുള്ള 791 വില്ലേജുകളുടെ FMB കൾ പൊതുജനങ്ങൾക്ക് www.erekha.kerala.gov.in എന്ന വെബ് പോർട്ടലിൽ നിന്നും ഓൺലൈനായി പണമടച്ച് കൈപ്പറ്റുവാൻ സൗകര്യം ഒരുക്കിയിട്ടുണ്ട്. കൂടാതെ റീസർവ്വെ പ്രവർത്തനങ്ങളുടെ ഭാഗമായി 85 പ്രൈമറി പോയിന്റുകളും, 205 സെക്കന്ററി പോയിന്റുകളും, 5605 , ടെർഷറി പോയിന്റുകളും സംസ്ഥാന വ്യാപകമായി സ്ഥാപിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ